DRGKNR/660/2023-A2

405492/2023/O/O DRG KNR

I/174663/2023

ഭരണഭാഷ മാതൃഭാഷ ഭരണം മലയാളത്തിലൂടെ

**രജിസ്ട്രേഷൻ വകുപ്പ്**

**കണ്ണൂർ ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിറ്റ്സിന്റെ നടപടിക്രമം**

**(ഹാജർ; ബീന.ബി.എസ്)**

വിഷയം:- 1982ലെ കേന്ദ്ര ചിട്ടി നിയമം – പുതിയ ചിട്ടി ആരംഭം – മുൻകൂർ അനുമതി നൽകി ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന:- 1. ശ്രീ. ബാബു ജോസഫ് എന്നവരുടെ അപേക്ഷ.

2. ഇരിട്ടി അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സിന്റെ 02.03.2023 തീയതിയിലെ സി 37/2023 നമ്പർ കത്ത്.

3. കണ്ണൂർ ഇൻസ്പെക്ടർ ഓഫ് ചിറ്റ്സിന്റെ 20.03.2023 തീയതിയിലെ സി 152/2023 നമ്പർ അന്വേഷണ റിപ്പോർട്ട്.

**<u>ഉത്തരവ് നമ്പർ എ2 660/2023 തലശ്ശേരി തീയതി: 29-03-2023</u>**

സൂചന (1) പ്രകാരം മലയോരം ചിറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ഇരിട്ടി ബ്രാഞ്ചിൽ 4,00,000/- രൂപ സലയുള്ള ഒരു പുതിയ ചിട്ടി തുടങ്ങുന്നതിന് മുൻകൂർ അനുമതിക്കായി അപേക്ഷിച്ചിരുന്നു. ചിട്ടി കരാർ പരിശോധിച്ചതിൽ ആയത് ശരിയാണെന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നു.1982-ലെ കേന്ദ്ര ചിട്ടി നിയമം സെക്ഷൻ 20 പ്രകാരം മുൻപൻ മതിയായ സെക്യൂരിറ്റി നൽകിയിട്ടുണ്ടെന്നും, സൂചന (2) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സ്, ഇരിട്ടി അപേക്ഷയോടൊപ്പം സെക്യൂരിറ്റി മതിയാകുന്നു എന്ന സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. സൂചന (3) പ്രകാരം ഇൻസ്പെക്ടർ ഓഫ് ചിറ്റ്സ് ചിട്ടിക്ക് അനുമതി നൽകാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

1982-ലെ കേന്ദ്ര ചിട്ടി നിയമം സെക്ഷൻ 20 പ്രകാരം ചട്ടം 4 അനുശാസിക്കും വിധം എന്നിൽ നിക്ഷിപ്തമായ അധികാരമനുസരിച്ച് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മലയോരം ചിറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ഇരിട്ടി ബ്രാഞ്ച് എന്ന സ്ഥാപനത്തിന് 4,00,000/- ( നാല് ലക്ഷം )രൂപ സലയുള്ള പ്രതിമാസം 10,000/- രൂപ വരിസംഖ്യയും 40 ടിക്കറ്റോടു കൂടിയ 40 മാസ തവണകളുമുള്ള ഒരു പുതിയ ചിട്ടി തുടങ്ങുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

- 1982-ലെ കേന്ദ്ര ചിട്ടി നിയമത്തിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായിരിക്കണം ചിട്ടി നടത്തേണ്ടത്.
- മുൻകൂർ അനുമതിക്കുള്ള ഉത്തരവ് തീയതി മുതൽ 12 മാസത്തിനകം ചിട്ടി രജിസ്റ്റർ ചെയ്ത് ആരംഭിക്കാത്തപക്ഷം ഈ അനുമതി കാലഹരണപ്പെടുന്നതായിരിക്കും.

Signed by
Beena B S
Date: 29-03-2023 11:02:10

**ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിറ്റ്സ്, കണ്ണൂർ.**

പകർപ്പ്